LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, എം.എൽ.എ. ഫണ്ട് വർദ്ധിപ്പിച്ചിട്ടില്ല എന്നുള്ളത് ശരിയാണ്. പക്ഷേ, മറ്റൊരു കാലത്തു മില്ലാത്തവണ്ണം സ്റ്റിമുലസ് പാക്കേജിന്റേയും വിഷൻ 2010-ന്റെയും ഭാഗമായി എം.എൽ.എ.മാർ തീരുമാനിക്കുന്നതുപോലെ അല്ലെങ്കിലും എം.എൽ.എ മാരുടെ ആഗ്രഹങ്ങൾക്ക് ഇത്രയേറെ പരിഗണന ലഭിച്ചിട്ടുള്ള ഒരു കാലവുമില്ല. ഇപ്പോൾ ബഡ്ജറ്റിന്റെ അവസാന ഘട്ടത്തിലാണ്, പ്ലാനുകളൊക്കെ അംഗീകരിച്ചുകഴിഞ്ഞതാണ്. അതുകൊണ്ട് അങ്ങയുടെ ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(6) കുറുമ്പൻ ദൈവത്താൻ, കണ്ഠൻ കുമാരൻ എന്നിവരുടെ സ്മാരകങ്ങൾ

ശ്രീ. കെ. സി. രാജഗോപാലൻ: സർ, മധ്യതിരുവിതാംകൂറിലെ സാമൂഹ്യപ്രവർത്തകരായിരുന്ന കുറുമ്പൻ ദൈവത്താനും കണ്ഠൻ കുമാരനും അന്ത്യവിശ്രമം കൊള്ളുന്നത് ആറന്മുള മണ്ഡലത്തിലെ ആറന്മുള പഞ്ചായത്തിലാണ്. ശ്രീമൂലം പ്രജാസഭ അംഗങ്ങളും അതുപോലെ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസത്തിനും ജാതിക്കെതിരായിട്ടുള്ള പോരാട്ടത്തിനും ക്ഷേത്രപ്രവേശനത്തിനുമെല്ലാം നേതൃത്വം കൊടുത്ത ഈ രണ്ട് മഹത് വ്യക്തികളും അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം സ്മാരകമായി ഏറ്റെടുത്ത് സംരക്ഷിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ശ്രീ. കെ. സി. രാജഗോപാലൻ ഉന്നയിച്ചിട്ടുള്ള വിഷയം തിരുവിതാംകൂറിലെ സാമൂഹ്യ പരിഷ്ക്കർത്താക്കളായിരുന്ന അധഃസ്ഥിതരുടെ ഉന്നമനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി മധ്യതിരുവിതാംകൂറിൽ ഒട്ടേറെ പോരാട്ടങ്ങളും ഇടപെടലുകളും നടത്തിയിട്ടുള്ള, ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായി നോമിനേറ്റ് ചെയ്യപ്പെട്ടിരുന്ന കുറുമ്പൻ ദൈവത്താൻ, കണ്ഠൻ കുമാരൻ ഇവരുടെ സ്മാരകങ്ങൾ സംരക്ഷിക്കണമെന്നും അതിന് ഉചിതമായ നടപടി ഗവൺമെന്റ് കൈക്കൊള്ളണമെന്നുമാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഇത്തരത്തിലൊരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചത് അദ്ദേഹത്തിന്റെ ഒരു നിർദ്ദേശമായി പരിഗണിച്ചു കൊണ്ട് അത് നടപ്പിലാക്കാൻ വേണ്ടി സാംസ്ക്കാരിക വകുപ്പ് അടിയന്തരമായി നടപടികൾ കൈക്കൊള്ളുന്നതാണ്.

(7) കരമന - കളിയിക്കാവിള നാഷണൽ ഹൈവേയിലെ അപകടങ്ങൾ

ശ്രീ. എൻ. ശക്തൻ: സർ, നമ്മുടെ സംസ്ഥാനത്ത് കരമന മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാതയിലാണ് ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത്. അവിടെ റോഡപകടങ്ങൾ ഉണ്ടാകാത്ത ഒരു ദിവസംപോലുമില്ല. മുമ്പൊക്കെ ഒന്നും രണ്ടും പേരാണ് മരിക്കുന്നതെങ്കിൽ

ഇപ്പോൾ നാലഞ്ച് പേർ ഒരപകടത്തിൽ തന്നെ മരിക്കുന്നു. അപകടം സംഭവിക്കുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതിനുപോലും ഇപ്പോൾ കഴിയുന്നില്ല. അത്രമാത്രം ഗതാഗതകുരുക്കാണ്. ഇതൊഴിവാക്കുന്നതിനു വേണ്ടി ധാരാളം ശ്രമം നടത്തിയിരുന്നു. ഇപ്പോൾ ആ ദേശീയ പാത നാലു വരിപ്പാതയാക്കാൻ അനുവദിച്ചിട്ടുണ്ടെങ്കിലും അതിന്റെ നടപടിയൊന്നും നടക്കുന്നില്ല. അടിയന്തരമായി അതിനുള്ള നടപടി സ്വീകരിക്കണം. അതു പോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യം കഴിഞ്ഞ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ കാലത്ത് അന്നത്തെ എം.എൽ.എ.മാരേയും കേന്ദ്രമന്ത്രിയേയും വിളിച്ച് ഒരു തീരുമാനമെടുത്തിരുന്നു. ഈ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് 42 ബസ്സ് ബേ അടിയന്തരമായി നിർമ്മിക്കാം. അപ്പോൾ കെ.എസ്. ആർ.ടി.സി. ബസ്സുകൾ റോഡിൽ നിന്ന് മാറ്റി നിർത്തി റോഡുകൾ സുഗമമായി ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിന് വഴിയൊരുക്കിക്കൊടുക്കാമെന്നാണ് തീരുമാനിച്ചത്. അടിയന്തരമായി ബസ് ബേ എങ്കിലും നിർമ്മിക്കുന്നതിന് തയ്യാറാകണം. അതുപോലെ നാലുവരിപ്പാത ആക്കുന്നതിനുള്ള നടപടി അടിയന്തരമായി തുടങ്ങണം. അതോടൊപ്പം ചില പ്രത്യേക പോയിന്റുകളിലാണ് അപകടങ്ങൾ സ്ഥിരമായി ഉണ്ടാകുന്നത്. ആ പോയിന്റിൽ അപകടം ഒഴിവാക്കുന്നതിനുള്ള നടപടി കൂടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, കരമന മുതൽ കളിയിക്കാവിളവരെ അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി പ്രസ്തുത റോഡ് സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് നാല് വരി പാതയാക്കാൻ 640 കോടി രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തത്വത്തിൽ അംഗീകരിക്കുകയും അതിന്റെ ഒന്നാം ഘട്ടമായി കരമന പാലം മുതൽ വഴിമുക്കുവരെ 12 കിലോ മീറ്റർ സ്ഥലമെടുപ്പിനായി 100 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 30.2 മീറ്റർ വീതിയിൽ സ്ഥലമെടുത്ത് നാല് വരിപ്പാത നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ബസ്ബേകൾ, സെൻട്രൽ മീഡിയം, നടപ്പാത, സുരക്ഷാസംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കരമന മുതൽ കളിയിക്കാവിള വരെ ഉണ്ടാകുന്ന റോഡപകടങ്ങൾക്ക് താൽക്കാലിക പരിഹാരമായി 21 ബസ്ബേകൾ നിർമ്മിക്കാനായി 4.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർഷം തന്നെ ഇത് പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

(8) ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോപ് വേ നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി : സർ, തുമ്പൂർമുഴി, ഏഴാറ്റുമുഖം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി റോപ് വേ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ. ചാലക്കുടിപ്പുഴയുടെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് തുമ്പൂർമുഴിയും ഏഴാറ്റുമുഖവും. അതിരപ്പിള്ളി, വാഴച്ചാൽ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളോട് ചേർന്നുകിടക്കുന്ന തുമ്പൂർമുഴി ദിനം

LIBRARY ARCHIVES Kerala Legislative Assembly